
# മനശ്ശാസ്ത്രപഠനം ഖുർആന്റെ കാഴ്ചപ്പാടിൽ

എ.എ. വഃഹാബ്

മതവും തത്ത്വചിന്തയും ആത്മീയചിന്തയുമായി കെട്ടുപിണഞ്ഞാണ് മനശ്ശാസ്ത്രപഠനം പുരോഗമിച്ചത്. 'സൈക്കോളജി' എന്ന ആംഗലേയപദം 'സൈക്കി', 'ലോഗോസ്' എന്നീ ഗ്രീക്ക് പദങ്ങളിൽനിന്നാണ് ഉത്ഭവിച്ചത്. ആത്മാവിനെക്കുറിച്ചുള്ള പഠനം (Study of the Soul) എന്ന നിലയിലാണ് ആദ്യകാലത്ത് ഈ വിജ്ഞാനശാഖ ഏറെ പ്രചാരത്തിലുണ്ടായിരുന്നത്. ആത്മാവിനെക്കുറിച്ചുള്ള പഠനത്തിൽ ആത്മാവ് എന്താണെന്ന് കൃത്യമായി കണ്ടെത്താൻ കഴിയാതായപ്പോൾ അത് മനസ്സിനെക്കുറിച്ചുള്ള പഠനമായി രൂപാന്തരപ്പെട്ടു. അവിടെനിന്ന് വികാസംപ്രാപിച്ച് ബോധ, ഉപബോധ, അബോധതലങ്ങളെ സംബന്ധിച്ച പഠനം എന്നാണ് കുറേക്കാലം ഈ വിജ്ഞാനശാഖ അറിയപ്പെട്ടത്. മനുഷ്യന്റെ നിരന്തരമായ പഠനനിരീക്ഷണങ്ങളുടെ ഫലമായി ഈ വിജ്ഞാനശാഖയുടെ നിർവചനങ്ങളും മാറിക്കൊണ്ടിരുന്നു. ഒടുവിൽ മനശ്ശാസ്ത്രമെന്നാൽ മനുഷ്യരുടെ സ്വഭാവപെരുമാറ്റങ്ങളെ സംബന്ധിച്ച പഠനം എന്നായിത്തീർന്നു. പരിസ്ഥിതികളുമായുള്ള മനുഷ്യന്റെ ബന്ധവും അവ മനുഷ്യന്റെ ചിന്താഗതികളിലും പ്രവർത്തനങ്ങളിലും വരുത്തുന്ന മാറ്റവും സംബന്ധിച്ചുള്ള ക്രമനിബദ്ധമായ പഠനം.

പൗരാണികകാലത്ത് സോക്രട്ടീസും പ്ലാറ്റോയും അരിസ്റ്റോട്ടിലും ഈ വിജ്ഞാനശാഖയുടെ വികാസത്തിന് ഏറെ സംഭാവനകൾ നൽകിയതായി കാണാൻ കഴിയും. ആധുനികരിൽ ദകാർതെയും ഫ്രോയിഡും ജെ.ബി. വാട്സനും പാവ്ലോവും യുങ്ങും ഡബ്ല്യു.ബി. കാനനും തുടങ്ങി ഒട്ടേറെ പേർ ഈ ഗണത്തിൽ മുന്നിൽ നിൽക്കുന്നു.

മധ്യകാലഘട്ടത്തിൽ മറ്റെല്ലാ വിജ്ഞാനശാഖകൾക്കുമെന്നപോലെ മനശ്ശാസ്ത്രത്തിനും അറബി, ഇസ്‌ലാമിക ചിന്തകന്മാർ വലിയ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഇബ്നുസീന, അൽഫാറാബി, ഇമാം ഗസ്സാലി, ഇബ്നുത്വുഫൈൽ, ഇബ്നുഹസം, ഇബ്നുൽ ജൗസി, ഇബ്നുഖൽദൂൻ തുടങ്ങിയവർ അവരിൽ പ്രമുഖരാണ്. ഖുർആൻ, ഹദീസ് പരാമർശങ്ങളിലൂന്നി ഗവേഷണപഠനം തുടർന്ന ഇവർ എത്തിച്ചേർന്ന നിഗമനങ്ങളെ ആസ്പദമാക്കി രൂപപ്പെടുത്തിയ മനശ്ശാസ്ത്രതത്ത്വങ്ങളെ മാർഗരേഖയാക്കിയാണ് ആധുനികപാശ്ചാത്യലോകത്ത് മനശ്ശാസ്ത്രവിജ്ഞാനം പുരോഗതി നേടിയത്. മനശ്ശാസ്ത്രത്തിന് പെരുമാറ്റ/വ്യവഹാര ശാസ്ത്രം എന്ന് ആദ്യമായി നാമകരണം ചെയ്തത് ഇമാം ഗസ്സാലിയാണ്. ഗസ്സാലിക്കുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ആധുനിക മനശ്ശാസ്ത്രജ്ഞരായ വാട്സനും റൊഡോൾഫ് ജെ. ക്ലീന്യൂഡും പാവ്ലോവുമൊക്കെ മനശ്ശാസ്ത്രപഠനത്തെ വ്യവഹാര/പെരുമാറ്റശാസ്ത്രം എന്ന് പറഞ്ഞുതുടങ്ങിയത്.



ഖുർആനികാധ്യാപനങ്ങളിൽ ഏതുവിഷയത്തിലും മനശ്ശാസ്ത്രത്തിന്റെ സാന്നിധ്യം അനിവാര്യമായും കാണാൻ കഴിയും.

മനുഷ്യജീവിതത്തിന്റെ വിജയത്തിനാവശ്യമായ നിയമനിർദേശങ്ങൾ നൽകുന്ന മാർഗദർശനം എന്ന നിലയ്ക്ക് വിശുദ്ധഖുർആന്റെ സംബോധിതർ മനുഷ്യരാണ്. മനുഷ്യൻ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനം ഈ ലോകത്ത് നടത്തണമെങ്കിൽ അതിനാവശ്യമായ ചിന്തയും ആശയവും ആവശ്യമാണ്. പ്രപഞ്ചോൽപത്തി മുതൽ ലോകാവസാനംവരെയും അതുകഴിഞ്ഞ് പരലോകത്തിലും മനുഷ്യരുടെ ഗതിവിഗതികളെ വിവരിക്കുന്ന ഖുർആൻ ഓരോ പ്രവർത്തനത്തിന്റെയും പ്രാധാന്യം മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിന് മനുഷ്യമനസ്സുമായാണ് സംവദിക്കുന്നത്. അതിനാൽ ഖുർആനികാധ്യാപനങ്ങളിൽ ഏതുവിഷയത്തിലും മനശ്ശാസ്ത്രത്തിന്റെ സാന്നിധ്യം അനിവാര്യമായും കാണാൻ കഴിയും.

പദാർഥം പദാർഥത്തോട് പ്രതികരിക്കുന്ന പ്രക്രിയയുടെ പരീക്ഷണ-നിരീക്ഷണപഠനത്തെ ശാസ്ത്രം എന്നു വിളിക്കുമ്പോൾ മനശ്ശാസ്ത്രത്തിന് ഏറെ പറയാനുള്ളത് പദാർഥേതരപ്രചോദനങ്ങളുടെ ഉത്ഭവത്തെക്കുറിച്ചാണ്. അഗോചരമായ ഇക്കാര്യത്തിൽ നിരീക്ഷകന് ഏറെ അവലംബിക്കാനാവുന്നത് അയാളുടെ ഊഹത്തെയും അനുമാനങ്ങളെയും മാത്രമാണ്. മനുഷ്യബുദ്ധിയെ മാത്രം ആശ്രയിച്ചുനടത്തുന്ന പരീക്ഷണ-നിരീക്ഷണപഠനങ്ങളുടെ ഫലം ആധികാരികവും കുറ്റമറ്റതുമാണെന്ന് ഒരിക്കലും ഉറപ്പിക്കാവതല്ല. പ്രത്യേകിച്ച്, അഗോചരമായ പദാർഥേതര പ്രചോദനങ്ങളെക്കുറിച്ചും പ്രതിഭാസങ്ങളെക്കുറിച്ചുമുള്ള പഠനത്തിന്റെ കാര്യത്തിൽ. അതിനാൽ ആധുനിക മനശ്ശാസ്ത്രപണ്ഡിതന്മാരുടെ നിഗമനങ്ങളിൽ പോരായ്മകളും വൈരുധ്യങ്ങളും ഏറെ കാണപ്പെടുന്നു.

ഇവിടെയാണ് ഒരു ദിവ്യബോധനത്തിന്റെ അനിവാര്യത മനുഷ്യബുദ്ധിക്ക് ബോധ്യമാകുന്നത്. അത്തരമൊരു ദിവ്യബോധനത്തിലൂടെ വെളിപ്പെട്ട പരിശുദ്ധഖുർആൻ നേരത്തേ പറഞ്ഞ എല്ലാ കുറവുകളും പരിഹരിക്കുന്നു. ജീവിതത്തെക്കുറിച്ച് വ്യക്തവും വിശ്വാസ്യവുമായ ഒരു രൂപരേഖയാണ് ഖുർആൻ

നൽകുന്നത്. അതിൽ കുറേഭാഗം ഗോചരവും ഏറെ അഗോചരവുമായി നിലനിർത്തുന്നു. നേരിൽ കാണുന്ന പദാർഥലോകത്തെ ചൂണ്ടിക്കാട്ടി കാണാത്തവയുടെ അസ്തിത്വത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അധ്യയനത്തിന് ആധുനിക വിദ്യാഭ്യാസമനശ്ശാസ്ത്രം പ്രയോഗിക്കുന്ന ഈടുറ്റ രീതിയാണിത്. അടുത്തതിനെ ചൂണ്ടിക്കാട്ടി അകലെയുള്ളതിനെയും പ്രത്യക്ഷമായവയെ ചൂണ്ടിക്കാട്ടി പരോക്ഷമായവയെയും പഠിപ്പിക്കുക എന്നത്.

"എന്റെ ദാസന്മാരുടെ സ്ഥിതി എത്ര പരിതാപകരം! അവരുടെ അടുക്കൽ വന്ന ഒരൊറ്റ ദൈവദൂതനെയും അവർ പരിഹസിക്കാതിരുന്നിട്ടില്ല. (അത്തരം) എത്ര തലമുറകളെയാണ് നാം നശിപ്പിച്ചുകളഞ്ഞതെന്ന് അവർ കാണുന്നില്ലേ? അവർ ഇവരുടെ അടുക്കലേക്ക് മടങ്ങിവരുന്നില്ലല്ലോ. ഒന്നൊഴിയാതെ എല്ലാവരെയും നമ്മുടെ മുന്നിൽ (അവസാനം) ഹാജരാക്കുകതന്നെ ചെയ്യും. നിർജീവമായി കിടക്കുന്ന ഭൂമി അവർക്കൊരു ദൃഷ്ടാന്തമാണ്. അതിനെ നാം (മഴവെള്ളം കൊണ്ട്) ജീവിപ്പിക്കുകയും അതിൽനിന്ന് ധാന്യങ്ങൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. അതിൽനിന്നാണ് അവർ ആഹാരം കഴിക്കുന്നത്. ആ ഭൂമിയിൽ നാം ഈന്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങൾ ഉണ്ടാക്കുകയും അതിൽ നീരുറവകൾ ഒഴുക്കുകയും ചെയ്തു, അവർ അതിന്റെ ഫലം ഭുജിക്കാൻ. ഇതൊന്നും അവർ സ്വകരങ്ങളാൽ സൃഷ്ടിച്ചതല്ല എന്നിരിക്കെ അവർ നന്ദികാണിക്കുന്നില്ലേ..... ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും അവരുടെ (മനുഷ്യരുടെ) സ്വന്തം വർഗങ്ങളിലും അവർക്കറിയാത്തവയിലും ഇണകളെ സൃഷ്ടിച്ചവനത്രെ പരിശുദ്ധൻ" (36:30-36).

ഇന്ന് മനുഷ്യന് അഗോചരമായ ജീവിതത്തിന്റെ രണ്ടാം ഘട്ടമായ പരലോകത്തിന്റെ സാധ്യതയും അനിവാര്യതയും ബോധ്യപ്പെടുത്താൻ നിർജീവമായ ഭൂമി സജീവമാക്കുന്നതിനെയും എല്ലാറ്റിലും ഇണകളുടെ സൃഷ്ടിപ്പും എടുത്തുദ്ധരിക്കുന്നു. ഇരുട്ടിന് വെളിച്ചം പോലെ ഈ ലോകത്തിന് ഒരു പരലോകവും. ഇത്തരം അനേകം സൂക്തങ്ങൾ ഖുർആനിലുടനീളം കാണാം.

ജീവിതവുമായി ബന്ധപ്പെട്ട് പദാർഥം, ആത്മാവ്, മനസ്സ്, ജീവൻ തുടങ്ങിയവയുടെ അസ്തിത്വം അവിതർക്കിതമാണ്. ഇവയെല്ലാറ്റിനെക്കുറിച്ചും മനുഷ്യൻ പഠനം നടത്തിയിട്ടുണ്ട്. മനുഷ്യജീവിതത്തിൽ ഇവ നാലും പ്രവർത്തനനിരതമാവുമ്പോൾ, ജന്തുക്കളിലും സസ്യങ്ങളിലും ആത്മാവൊഴിച്ചുള്ളവയാണുള്ളതെന്നാണ് നമ്മുടെ നിഗമനം. അചേതനവസ്തുക്കളിൽ പദാർഥത്തിന്റെ അസ്തിത്വം മാത്രമേ നാം കാര്യമായി പരിഗണിക്കുന്നുള്ളു. ആത്മാവ്, മനസ്സ്, ജീവൻ എന്നിവയെക്കുറിച്ച് കാര്യമായി എന്തെങ്കിലും പറയാൻ അശക്തനായ മനുഷ്യന് പദാർഥത്തിന്റെ പൂർണ യാഥാർഥ്യവും ഇതുവരെ കണ്ടെത്താനായിട്ടില്ല. ഇവയെക്കുറിച്ചെല്ലാം പരാമർശിക്കുന്ന ഖുർആൻ ഇവയുടെ ആന്തരികയാഥാർഥ്യം മനുഷ്യന് വെളിപ്പെടുത്തിയിട്ടില്ലെന്ന സൂചനയാണ് നൽകുന്നത്. നാം അചേതനവസ്തുക്കൾ എന്നുവിളിക്കുന്ന പദാർഥങ്ങൾക്ക് പോലും ഒരു പദാർഥമനസ്സും പദാർഥജീവനും ഉണ്ടെന്ന് കരുതാവുന്ന തെളിവുകളാണ് ഖുർആൻ നൽകുന്നത്:

"എല്ലാ വസ്തുക്കൾക്കും അതിന് അനുയോജ്യമായ ആകൃതിയും പ്രകൃതിയും നൽകുകയും പിന്നെ അതിന് മാർഗദർശനം നൽകുകയും ചെയ്തവനാണ് ഞങ്ങളുടെ രക്ഷിതാവ്" (20:50).

"സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്തവൻ, വ്യവസ്ഥ നിർണയിച്ച് മാർഗദർശനം നൽകിയവൻ" (87:2,3).

"........പാറകളിൽ ചിലതിൽനിന്ന് അരുവികൾ പൊട്ടിയൊഴുകാറുണ്ട്, ചിലത് പിളർന്ന് വെള്ളം പുറത്തുവരുന്നു. ചിലത് ദൈവഭയത്താൽ താഴോട്ട് ഉരുണ്ടുവീഴുന്നു" (2:74).

മനുഷ്യരുടെ പഠനം ഇനിയും കാര്യമായി കടന്നുചെന്നിട്ടില്ലാത്ത ചിലയിടങ്ങളെക്കുറിച്ചാണ് മേൽവിവരിച്ച ഖുർആനികസൂക്തങ്ങളുടെ സൂചന. ഓരോ വസ്തുവിനും അതിനനുയോജ്യമായ ആകൃതി, പ്രകൃതി, പിന്നെ പ്രവർത്തനത്തിനുള്ള മാർഗദർശനം. ആ മാർഗദർശനത്തിന്റെ കണിശതയിൽ ഹൈഡ്രജൻ ആറ്റം ഹീലിയം ആറ്റത്തിന്റെ പ്രകൃതിയെ അട്ടിമറിക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതെ കൃത്യമായി തന്നെ ഓരോന്നിന്റെയും അസ്തിത്വം ഉറപ്പുവരുത്തുന്നു.

ഈ ഭൂമിയിൽ മനുഷ്യകരങ്ങൾക്ക് എന്തെങ്കിലും പ്രവർത്തിക്കണമെങ്കിൽ അതിന് ഒരാശയം വേണം. ആശയത്തിന് ചിന്ത വേണം. ചിന്തയ്ക്ക് വികാരം വേണം. വികാരത്തിന് പ്രചോദനം ആവശ്യമാണ്. ചുരുക്കത്തിൽ, ഏതോ പ്രചോദനത്താലുണ്ടാകുന്ന വികാരം വിചാരമായി പരിണമിച്ച് ചിന്തയായി രൂപാന്തരപ്പെട്ട് അതിൽനിന്ന് ആശയം ഉരുത്തിരിച്ച് ഭാഷയിലെ വാക്കുകളിലൂടെ പുറത്തുകൊണ്ടുവന്നാണ് നാം പ്രവർത്തനങ്ങൾ നടത്തുന്നത്. ചിലപ്പോൾ ഭാഷ ഉപയോഗിക്കാതെത്തന്നെ പ്രവർത്തനങ്ങൾ നടക്കും. പ്രകാശവേഗത്തേക്കാളധികം വേഗത്തിൽ ഈ പ്രക്രിയ നടക്കുന്നതിനാൽ അത് നമുക്ക്എളുപ്പം മനസ്സിലാക്കാനാവുന്നില്ലെന്നുമാത്രം. പ്രവർത്തനമെന്നാൽ സൃഷ്ടിയാണല്ലോ. ഇവിടെ പ്രപഞ്ചസ്രഷ്ടാവിനു മാത്രം അവകാശപ്പെട്ട സൃഷ്ടി എന്ന സ്വാതന്ത്ര്യം മനുഷ്യന് നൽകി അവനെ ആദരിച്ചത് ('നിശ്ചയമായും ആദംസന്തതികളെ നാം ആദരിച്ചിട്ടുണ്ട്' -17:70) സൃഷ്ടികർത്താവാകുന്നു. അങ്ങനെ മനുഷ്യൻ ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയായിത്തീരുന്നു: "നാം ഭൂമിയിൽ ഒരു പ്രതിനിധിയെ നിയോഗിക്കുകയാണെന്ന് നിന്റെ രക്ഷിതാവ് മലക്കുകളോട് പറഞ്ഞ സന്ദർഭം..." (2:30). ഹൃദയവും തലച്ചോറും പ്രവർത്തിച്ചാണ് സൃഷ്ടികർമം നടക്കുന്നതെന്ന് നാം മനസ്സിലാക്കി. സൃഷ്ടിയുടെ ആദ്യചോദന എവിടെനിന്നാണെന്ന ചോദ്യത്തിന് ആധുനികമനശ്ശാസ്ത്രം കൈമലർത്തുകയാണ്. അവിടെ ഖുർആൻ വ്യക്തമായി വെളിച്ചം വീശുന്നതിങ്ങനെ: "........ സർവലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല" (81: 29). സൃഷ്ടികർമത്തിന്റെ ആദ്യചോദനാകേന്ദ്രം ഇവിടെ അല്ലാഹു തന്നെ ഏറ്റെടുക്കുമ്പോൾ മനുഷ്യൻ നടത്തുന്ന സൃഷ്ടി പുതുസൃഷ്ടിപ്പല്ല പ്രപഞ്ചനാഥന്റെ സൃഷ്ടിക്കുള്ളിലെ പുനഃസൃഷ്ടിപ്പ് മാത്രമാണ്. പരിധിക്കുള്ളിലെ സ്വാതന്ത്ര്യം മനുഷ്യന് വകവച്ചുകൊടുത്തതുകൊണ്ടാകാം 'സൃഷ്ടികർത്താക്കളിൽ ഏറ്റവും ഉത്തമനായ അല്ലാഹു അനുഗ്രഹപൂർണൻ' (23:14) എന്നു പ്രസ്താവിച്ചത്.

പദാർഥത്തിൽ ഏറ്റവും ചെറുതായ ആറ്റത്തിന് പ്രവർത്തനനിരതമാവാൻ ഇലക്ട്രോണുകളെ ചലിപ്പിക്കുന്ന പ്രചോദനവും ന്യൂക്ലിയസ്സിൽ ഉണ്ടെന്ന് ആധുനികശാസ്ത്രം പറയുന്ന ഊർജത്തിന്റെ പ്രഭവകേന്ദ്രം ആറ്റത്തിനുള്ളിൽ തന്നെയാണോ, അതോ ആറ്റത്തിന് പുറത്തുനിന്ന് കിട്ടുന്നതോ എന്ന ചോദ്യത്തിന് ആധുനികഭൗതികശാസ്ത്രത്തിന് മറുപടിയില്ല. നേരത്തേ പറഞ്ഞ ഖുർആൻ പരാമർശ(20:50)ത്തിലൂടെ അതിന്റെയും ഉത്തരവാദിത്വം അല്ലാഹുവിനാണെന്ന് വ്യക്തമാക്കുന്നു. ചുരുക്കത്തിൽ, പ്രപഞ്ചസൃഷ്ടിയുടെ നിഗൂഢതകൾ അനാവരണം ചെയ്യുന്ന പദാർഥേതര ലോകത്തിലെ ഒരുപിടി കാര്യങ്ങൾ ഖുർആൻ മനുഷ്യന് പറഞ്ഞുകൊടുക്കുന്നുണ്ട്. അതിബൃഹത്തായ ഈ സൃഷ്ടിപ്പിന്റെ അഗാധതലത്തിലൂടെ സഞ്ചരിച്ച് ജീവിതരഹസ്യം കണ്ടെത്തി വിജയപാത കൈക്കൊള്ളാനാണ് ഖുർആൻ നിർദേശിക്കുന്നത്.

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവിനെ ഓർക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരാണവർ. (അവസാനം അവർ പറയും) ഞങ്ങളുടെ രക്ഷിതാവേ, നീ ഇതൊക്കെ നിരർഥകമായി സൃഷ്ടിച്ചതല്ല. നീ എത്രയോ പരിശുദ്ധൻ. അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ കാക്കേണമേ. ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ല" (3:190-192).

■